**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4032** **17-03-2025 - ൽ മറുപടിയ്ക്ക്**

**വീടില്ലാത്തവർക്ക് റേഷൻ കാർഡുകൾ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | തെരുവോരത്ത് താമസിക്കുന്നവർക്ക് ആധാർ കാർഡിന്റെയും വാടകയ്ക്ക് താമസിക്കുന്നവർക്ക് വാടകച്ചീട്ടിന്റെയും അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ നൽകാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | തെരുവോരത്ത് താമസിക്കുന്നവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം താമസിക്കുന്ന കുടുംബങ്ങൾക്ക് ബന്ധപ്പെട്ട റേഷനിങ് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ വീട്ടു നമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി പുതിയ റേഷൻ കാർഡ് അനുവദിക്കുന്നു. ഇങ്ങനെ അനുവദിക്കുന്ന കാർഡുകൾ കാലതാമസം കൂടാതെ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നൽകുകയും ചെയ്തുവരുന്നു. |
| (ബി) | നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ ഉള്ളവർ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനു പകരം വെൽഫയർ പെർമിറ്റുകളാണ് അനുവദിച്ചു വരുന്നത്. നിലവിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം, സ.ഉ.(കൈ) 22/2020/ ഭ.പൊ.വി.വ. തീയതി 05/11/2020ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ ഉള്ളവർ താമസിക്കുന്ന സ്ഥാപനത്തെ ക്ഷേമ സ്ഥാപനത്തിന്റെ സ്കീമിൽ ഉൾപ്പെടുത്തി വെൽഫയർ പെർമിറ്റുകൾ ആണ് നൽകിവരുന്നത്. ടി വെൽഫയർ പെർമിറ്റു പ്രകാരം ടി സ്ഥാപനത്തിലെ ഒരു അന്തേവാസിക്ക് പ്രതിമാസം 10.5 kg അരിയും, 4.5 kg ഗോതമ്പും നൽകിവരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ